ഫൈസൽ കൊച്ചി

# സച്ചാർസമിതി റിപ്പോർട്ടും ഇടതു വിദ്യാഭ്യാസ നയവും

**വിദ്യാഭ്യാസ മേഖലയിൽ മുസ്‌ലിംകൾ പിന്നാക്കമാണെന്ന് 1986 – ലെ ദേശീയ വിദ്യാഭ്യാസ നയത്തിലും വ്യക്തമാക്കിയിരുന്നു. പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ ശ്രമിക്കണമെന്നും സ്വകാര്യ – സന്നദ്ധ മേഖലയുടെ ഫലപ്രദമായ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെടുന്ന രേഖ, വിഭവശേഷി അനുവദിച്ചുകൊടുക്കുന്നതിനുള്ള നയങ്ങളിൽ ശ്രദ്ധേയമായ മാറ്റം ശുപാർശ ചെയ്യുന്നുണ്ട്. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ഓരോ കുട്ടിക്കും വളരെ സമീപസ്ഥമായ വിദ്യാഭ്യാസ സൗകര്യം ഉണ്ടാകണമെന്നും, മദ്റസകൾ നവീകരിക്കണമെന്നും മൗലാനാ ആസാദ് എജുക്കേഷൻ ഫണ്ട് ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും വിഭാവനം ചെയ്യുന്നുണ്ട്.**

**സ്വാതന്ത്ര്യാനന്തര** ഭാരതത്തിലുണ്ടായ പഠന റിപ്പോർട്ടുകളിൽ ഏറെ ശ്രദ്ധേയമാണ് സച്ചാർ സമിതി റിപ്പോർട്ട്. നിരവധി രേഖകൾ പരിശോധിച്ചും രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചുമാണ് രജീന്ദർ സച്ചാറും സഹപ്രവർത്തകരും റിപ്പോർട്ട് തയ്യാറാക്കിയത്. ഇന്ത്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ സമുദായവും പ്രബല ന്യൂനപക്ഷവുമായ മുസ്‌ലിംകൾ അനുഭവിക്കുന്ന അവഗണനയുടെയും വിവേചനത്തിന്റെയും ഹൃദയഭേദകമായ ചിത്രമാണ് സച്ചാർ സമർപ്പിക്കുന്നതെങ്കിലും, ഒരു വർഷം കഴിഞ്ഞിട്ടും ഇതിന്റെ പ്രായോഗിക നടപടികളുമായി മുന്നോട്ടു പോകാൻ യു.പി.എ സർക്കാറിന് സാധിച്ചിട്ടില്ല. മണ്ഡൽ കമീഷൻ റിപ്പോർട്ട് നടപ്പാക്കാൻ ശ്രമിച്ച വി.പി.സിംഗിന് അധികാരം വിട്ടൊഴിയേണ്ടി വന്നത്, മൻമോഹൻ സിംഗിന്റെ വേഗതയെ ബാധിക്കുന്നുണ്ടാകാം. യു.പി.എയെ പിന്തുണക്കുന്ന സി.പി.എം കേന്ദ്ര കമ്മറ്റി ഈ റിപ്പോർട്ടിനെ സംബന്ധിച്ച് ചർച്ച നടത്തുകയും ചില പ്രധാന നിർദേശങ്ങൾ പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തുവെന്നത് സന്തോഷകരമാണ്. കേരളത്തിലെ ഇടതു മന്ത്രിസഭ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി മറ്റൊരു കമ്മിറ്റി രൂപീകരിക്കുകയും ജില്ലകൾ തോറും യുദ്ധകാലാടിസ്ഥാനത്തിൽ 'ഹിയറിംഗുകൾ' നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. സച്ചാർസമിതി റിപ്പോർട്ട് പാർട്ടി ഏറ്റെടുക്കുന്നുവെന്ന് സൂചിപ്പിക്കുന്നതും മുസ്‌ലിം പങ്കാളിത്തം കൊണ്ട് ശ്രദ്ധേയവുമായ ഒരു കൺവെൻഷൻ കോഴിക്കോട്ട് നടന്നു. മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ സമാനമായ സെമിനാറുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്.

സച്ചാർ റിപ്പോർട്ട് ഊന്നുന്ന മേഖലയാണ് മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ പതിതാവസ്ഥ. സാമൂഹിക, സാമ്പത്തിക പുരോഗതി വിദ്യാഭ്യാസത്തിനുള്ള പങ്ക് ഭരണഘടന എടുത്തുപറയുന്നുണ്ട്. 1993-ൽ സുപ്രധാനമായ ഒരു വിധിന്യായത്തിലൂടെ വിദ്യാഭ്യാസം മൗലിക അവകാശമാണെന്ന് സുപ്രിംകോടതി പ്രഖ്യാപിച്ചു. 2002-ൽ ഭരണഘടനയുടെ 86-ാം ഭേദഗതിയിലൂടെ 21(എ) അനുഛേദമായി 6-നും 14-നും വയസ്സിനിടയിലുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകാൻ സർക്കാറിന് ബാധ്യതയുണ്ടെന്ന് എഴുതിച്ചേർത്തു. ഭരണഘടനയുടെ 30-ാം ഖണ്ഡിക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വന്തമായ വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്തുവാനുമുള്ള അവകാശം വകവെച്ച് നൽകുന്നുണ്ട്. ഭരണഘടന നടപ്പിലായി 50-ലേറെ വർഷം പിന്നിടുന്ന വേളയിൽ മുസ്‌ലിം സമുദായം അനുഭവിക്കുന്ന വിദ്യാഭ്യാസ പ്രശ്നങ്ങൾ സച്ചാർസമിതി വിശകലനം ചെയ്തിട്ടുണ്ട്. പിന്നാക്കാവസ്ഥ പരിഹരിക്കാൻ സമിതി മുന്നോട്ടുവെക്കുന്ന നിർദേശങ്ങൾ ഇവയാണ്:

ഒന്ന്, മുസ്‌ലിം സമുദായം പൊതുവെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായതിനാൽ ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കുന്നതിനുള്ള പങ്കപ്പാടിൽ കുട്ടികളുടെ വിദ്യാഭ്യാസം അവഗണിക്കപ്പെടുന്നു. 6 വയസിനും 14 വയസിനും ഇടയിലുള്ള മുസ്‌ലിം സമുദായത്തിലെ 25 ശതമാനം കുട്ടികൾ, ഒരിക്കലും സ്കൂളിൽ പോകാത്തവരാണ്. വിദ്യാഭ്യാസ ചെലവ് ഏറെയായ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പങ്കാളിത്തം നാമമാത്രമാണ്. ഭൂരിഭാഗവും ഒറ്റമുറികൾ മാത്രമുള്ള വീടുകളിൽ ജീവിക്കുന്നതിനാൽ പഠന സൗകര്യം വേണ്ടത്ര ലഭിക്കാറില്ല. അതിനാൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉറപ്പുവരുത്തുന്ന വിധത്തിൽ മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന നഗരങ്ങളിലും ഗ്രാമങ്ങളിലും വാർഡുകൾതോറും സാമൂഹികപഠന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ഈ കേന്ദ്രങ്ങളിൽ കുട്ടികൾക്ക് കുറച്ചു സമയം ചെലവഴിക്കാനും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും കഴിയും. സർക്കാർ മുൻകൈയെടുത്തോ, സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയോ, വ്യവസായ മേഖലയുടെ പങ്കാളിത്തത്തോടെയോ ഇതു സാധ്യമാക്കേണ്ടതാണ്.

രണ്ട്, ദൈനംദിന ജീവിതത്തിൽ ഇന്ത്യൻ മുസ്‌ലിംകൾ നിരവധി പ്രശ്നങ്ങൾ

നേരിടുന്നുണ്ട്. ഒരു വീട് വാങ്ങാനോ, വാടകക്കോ കിട്ടില്ലെന്നതുമുതൽ, കുട്ടികളെ നല്ല സ്കൂളിൽ വിടാൻ കഴിയാത്തതുവരെയുള്ള പ്രശ്നങ്ങൾ. നല്ല വിദ്യാഭ്യാസ സ്ഥാപനത്തിൽ കുട്ടികൾക്ക് പ്രവേശനം കിട്ടാൻ മുസ്‌ലിം സ്വത്വം തടസ്സമാവുന്നു. ഇതിനു പരിഹാരം സമൂഹത്തിന്റെ മനസ്സുമാറുക എന്നതാണെങ്കിലും, അത് പ്രയോഗത്തിൽ വരാൻ കാലമേറെപിടിക്കും. അതിനാൽ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ ഉന്നതനിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ സ്ഥാപിക്കണം.

മൂന്ന്, മുസ്‌ലിം വനിതകൾക്ക് സുരക്ഷിതത്വം നൽകുന്ന ഇടം വീടാണെന്ന ധാരണ അവർക്കിടയിൽ ബലപ്പെട്ടിട്ടുണ്ട്. പെൺകുട്ടികൾക്കു മാത്രമുള്ള സ്കൂളുകൾ ആരംഭിക്കുന്നത് ഈ ആശങ്കയകറ്റാനും വിദ്യാഭ്യാസത്തിൽ മുസ്‌ലിം പെൺകുട്ടികളുടെ പ്രാതിനിധ്യം വർധിക്കാനും സഹായകമാകും.ആവശ്യമായ കേന്ദ്രങ്ങളിൽ പെൺകുട്ടികൾക്ക് ഹോസ്റ്റലുകൾ സ്ഥാപിക്കേണ്ടതുമാണ്.

വിദ്യാഭ്യാസ മേഖലയിൽ മുസ്‌ലിംകൾ പിന്നാക്കമാണെന്ന് 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലും വ്യക്തമാക്കിയിരുന്നു. പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ ശ്രമിക്കണമെന്നും സ്വകാര്യ-സന്നദ്ധ മേഖലയുടെ ഫലപ്രദമായ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെടുന്ന രേഖ, വിഭവശേഷി അനുവദിച്ചുകൊടുക്കുന്നതിനുള്ള നയങ്ങളിൽ ശ്രദ്ധേയമായ മാറ്റം ശുപാർശ ചെയ്യുന്നുണ്ട്. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ഓരോ കുട്ടിക്കും വളരെ സമീപസ്ഥമായ വിദ്യാഭ്യാസ സൗകര്യം ഉണ്ടാകണമെന്നും, മദ്റസകൾ നവീകരിക്കണമെന്നും മൗലാനാ ആസാദ് എജുക്കേഷൻ ഫണ്ട് ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും വിഭാവനം ചെയ്യുന്നുണ്ട്.

മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് സർക്കാർ സ്ഥാപനങ്ങൾ ഉണ്ടാക്കുകയെന്നതാണ് കരണീയമായിട്ടുള്ളതെങ്കിലും, സേവന മേഖലകളിൽനിന്നും സർക്കാർ പിൻവാങ്ങിക്കൊണ്ടിരിക്കുന്ന പുതിയ സാഹചര്യത്തിൽ അത് എത്രമാത്രം പ്രായോഗികമാണെന്ന് ആലോചിക്കണം. മാത്രമല്ല, 1982-ൽ സർക്കാർ ബജറ്റിന്റെ 37.2 ശതമാനം വിദ്യാഭ്യാസത്തിനു വേണ്ടി ചെലവാക്കിയ കേരള സർക്കാർ 2000-ൽ ഇതിനു വേണ്ടി ചെലവഴിച്ചത് ബജറ്റിന്റെ 22.56 ശതമാനം മാത്രമാണ്. അതിനാൽ വിദ്യാഭ്യാസ സൗകര്യങ്ങൾ സർക്കാർ ഏർപ്പെടുത്തുന്നതോടൊപ്പംതന്നെ സേവന സന്നദ്ധരായ മുസ്‌ലിം ഏജൻസികൾക്ക് ഇക്കാര്യത്തിൽ പങ്കാളിത്തം നൽകുകയും ചെയ്യുന്നതാണ് ഉചിതം. ദേശീയ വിദ്യാഭ്യാസനയം ഇക്കാര്യത്തിൽ ചില നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സ്കൂൾ മേഖലയിൽ സർക്കാരിനെപ്പോലെതന്നെ സേവന സന്നദ്ധതയുള്ള സ്വകാര്യ സംരംഭങ്ങൾക്ക് ഉപാധികളോടെ അനുവാദം നൽകുന്നത് സമൂഹത്തിന് ഗുണകരമാണെന്നാണ് രേഖ വിവരിക്കുന്നത്.ഓരോ സ്ഥാപനത്തിലെയും മൊത്തം വിദ്യാർഥികളുടെ എണ്ണത്തിന്റെ 25 ശതമാനം സീറ്റുകൾ സൗജന്യമായി സമൂഹത്തിലെ ദരിദ്രരും അവശരുമായ ജനവിഭാഗങ്ങൾക്ക് നീക്കിവെക്കണമെന്നതാണ് പ്രധാന ഉപാധി.

ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസനയവും, സച്ചാർ സമിതിയുടെയും മുസ്‌ലിം വിദ്യാഭ്യാസത്തെ സംബന്ധിച്ച വിദഗ്ധകമ്മറ്റികളുടെയും ശുപാർശകളും തമ്മിൽ വ്യക്തമായ വൈരുദ്ധ്യമുണ്ടെന്ന് ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവാഹമില്ല. സച്ചാർകമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുമെന്നാണ് സി.പി.ഐ (എം) പ്രഖ്യാപിക്കുന്നതെങ്കിൽ, കേരളത്തിൽ മുസ്‌ലിംകൾക്ക് പ്രത്യേക പാക്കേജ് തയാറാക്കാൻ ഇടതുസർക്കാറിനു ബാധ്യതയുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തണമെന്നാണ് വിദ്യാഭ്യാസമന്ത്രി എം. എ ബേബി നിത്യവും പ്രസ്താവിക്കുന്നത്. അതേ സമയം മന്ത്രിസഭയിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ എളമരം കരീം വ്യവസായരംഗത്ത് സ്വകാര്യമേഖലയുടെ കുതിച്ചുചാട്ടത്തിന് പച്ചക്കൊടി വീശിക്കൊണ്ടിരിക്കുകയാണ്. ഐ ടി രംഗത്ത് മുഖ്യമന്ത്രിയും 'സ്മാർട്ടാകുന്നത്' സ്വകാര്യ വ്യക്തികൾക്ക് സൗകര്യമൊരുക്കാനാണ്. അപ്പോൾ വിദ്യാഭ്യാസത്തിൽ മാത്രം'പൊതുമേഖലാവിപ്ലവം' അരങ്ങേറുമെന്ന് പ്രതീക്ഷിക്കുന്നതിൽ അർഥമില്ല. ആയതിനാൽ വിവിധ മുസ്‌ലിം സംഘടനകളുടെ കീഴിലുള്ള ഏജൻസികളുമായി വിദ്യാഭ്യാസമന്ത്രി ചർച്ച നടത്തി, മുസ്‌ലിം സമുദായത്തിനായി തയ്യാറാക്കപ്പെടുന്ന വിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പിന് അവരുടെ സഹകരണം തേടാവുന്നതാണ്. സകാത്ത്-സ്വദഖകളിലൂടെ സമാഹരിക്കുന്ന വിഭവശേഷി ഇക്കാര്യത്തിൽ ഉപയോഗിക്കുന്നതിനെക്കുറിച്ചും ചിന്തിക്കണം. സർക്കാർ ബജറ്റിൽ നിന്നുതന്നെ സമുദായ പുരോഗതി ഉണ്ടാകണമെന്ന് ആരും വാശിപിടിക്കേണ്ടതില്ല. പൊതുമേഖലയിലേ വിദ്യാലയങ്ങൾ ആകാവൂ എന്ന ശാഠ്യത്തിൽ നിന്ന് സച്ചാർസമിതി ശിപാർശകൾ പരിഗണിച്ച് വിട്ടുവീഴ്ച ചെയ്യാൻ ഇടതുസർക്കാർ തയ്യാറാവുകയും വേണം.

ന്യൂനപക്ഷങ്ങളുടെ പേരിൽ നേടിയെടുത്ത സ്ഥാപനങ്ങളിൽ അരങ്ങുതകർത്താടുന്ന വിദ്യാഭ്യാസ കച്ചവടമാണ് 'പൊതുമേഖലയിൽമാത്രം വിദ്യാഭ്യാസം' എന്ന ആശയത്തിലേക്ക് സർക്കാറിനെ എത്തിച്ചത്. പല സമുദായ ഏജൻസികളും ഇതിൽനിന്ന് മുക്തമല്ല. വിദ്യാർഥി പ്രവേശനത്തിലും അധ്യാപക നിയമനത്തിലും ന്യൂനപക്ഷക്ഷേമത്തെക്കാൾ വലുത് നടത്തിപ്പുകാരുടെ ഖജനാവിന്റെ വികസനമാകുന്ന അനുഭവങ്ങൾ പത്രമാധ്യമങ്ങളിൽ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിം സമുദായ നേതൃത്വം ഇക്കാര്യത്തിൽ കണിശമായ അന്വേഷണം നടത്തുകയും അപാകതകൾ തിരുത്തുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുകയും വേണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിലും ഒരു മാതൃകാസമൂഹമാകാൻ(ഖൈറുഉമ്മത്ത്) അവർക്ക് കഴിയേണ്ടതുണ്ട്. ■